പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1462 15.06.2012- ൽ മറുപടിയ്ക്ക്

## സംയോജിക കന്നുകാലി വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ സഹായത്തോടെ ഡയറി ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന സംയോജിത കന്നുകാലി വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | കേന്ദ്ര സർക്കാർ ധനസഹായത്തോടെ 2011-12 സാമ്പത്തിക വർഷം സംയോജിത കന്നുകാലി വികസന പദ്ധതിയ്ക്കായി 10 കോടി രൂപ അനുവദിച്ചു. 3996 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നു. പ്രസ്തുത പദ്ധതി മുഖേന ഓരോ ഗുണഭോക്താവിനും ഒരു പശു, പത്ത് കോഴി, രണ്ട് ആട്, എന്നിവ വിതരണം ചെയ്യുന്നു. ഇതിനായി ഒരു ഗുണഭോക്താവിന് 25,000/- രൂപ സർക്കാർ ധനസഹായം നൽകുന്നു. കണ്ണൂർ ജില്ലയിലെ വിവിധ ബ്ലോക്കുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | ഈ പദ്ധതിക്കായി എത്ര രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്; | (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സഹായമായി 3 കോടി രൂപ ലഭിച്ചു (30%) |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതിനായി എത്ര രൂപ ലഭിച്ചു; എത്ര രൂപ ചെലവായി; വിശദവിവരം നൽകുമോ ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത പദ്ധതിയ്ക്കായി 10 കോടി രൂപ ലഭിച്ചു. 9.37 കോടി രൂപ ചെലവായി. 63 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്തു. |

സെക്ഷൻ ഓഫീസർ